# പതിനാലാം കേരള നിയമസഭ

# പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി (2019-2021)

## പന്ത്രണ്ടാമത് റിപ്പോർട്ട്

(2021 ജനുവരി 13-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[2019 ജനുവരി 1 മുതൽ 2019 ഡിസംബർ 31 വരെയുള്ള ഹർജികൾ സംബന്ധിച്ച്]

കേരള നിയമസഭ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021

പതിനാലാം കേരള നിയമസഭ

# പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി
# (2019- 2021)

## പന്ത്രണ്ടാമത് റിപ്പോർട്ട്

(2021 ജനുവരി 13-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[2019 ജനുവരി 1 മുതൽ 2019 ഡിസംബർ 31 വരെയുള്ള ഹർജികൾ സംബന്ധിച്ച്]**

280/2021.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | : | v |
| ആമുഖം | : | vi |
| റിപ്പോർട്ട് | : | 1 |
| അനുബന്ധം | | |
| I. സമിതിയുടെ ഇടപെടൽമൂലം പരിഹരിക്കപ്പെട്ട ഹർജികൾ സംബന്ധിച്ച വിശദാംശം | : | 4 |
| II. ഗവൺമെന്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി അവസാനിപ്പിച്ച ഹർജികൾ സംബന്ധിച്ച പട്ടിക | : | 5 |
| III. സമിതിയുടെ പരിഗണനയിലുള്ളതും നാളിതുവരെ സർക്കാരിൽനിന്നും അന്തിമ റിപ്പോർട്ട് ലഭിക്കാത്തതുമായ ഹർജികൾ സംബന്ധിച്ച പട്ടിക | : | 8 |

# പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി

## (2019-2021)

### ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ, എം. എൽ. എ.

<u>അംഗങ്ങൾ</u> :

ശ്രീ. പാറക്കൽ അബ്ദുല്ല, എം. എൽ. എ.

ശ്രീ. വി. അബ്ദുറഹിമാൻ, എം. എൽ. എ.

ശ്രീ. ആന്റണി ജോൺ, എം. എൽ. എ.

ശ്രീ. അൻവർ സാദത്ത്, എം. എൽ. എ.

ശ്രീ. മാണി സി. കാപ്പൻ, എം. എൽ. എ.

ശ്രീ. എം. രാജഗോപാലൻ, എം. എൽ. എ.

ശ്രീ. കാരാട്ട് റസാഖ്, എം. എൽ. എ.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ, എം. എൽ. എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി

ശ്രീമതി ജയശ്രീ എം., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ജാസ്മിൻ പി. എസ്., അണ്ടർ സെക്രട്ടറി.

# ആമുഖം

പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2019 ജനുവരി 1 മുതൽ 2019 ഡിസംബർ 31 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച ഹർജികളും അവ സംബന്ധിച്ച് സർക്കാരിൽ നിന്ന് ലഭിച്ച റിപ്പോർട്ടുകളും അതിന്മേലുള്ള സമിതിയുടെ അഭിപ്രായങ്ങളും നിഗമനങ്ങളും ശിപാർശകളും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്. റിപ്പോർട്ട് കാലയളവിൽ സമിതി, പ്രവാസി മലയാളികളെ സംബന്ധിക്കുന്ന 3 റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ അഖിലേന്ത്യ പഠന പര്യടനാർത്ഥം ഛത്തീസ്ഗഢ്, പശ്ചിമ ബംഗാൾ എന്നീ സ്ഥലങ്ങൾ സന്ദർശിക്കുകയും പ്രവാസി മലയാളികളുടെ വിവിധ വിഷയങ്ങൾ പഠന വിധേയമാക്കുകയും ചെയ്തിട്ടുണ്ട്. സർക്കാരിൽ നിന്ന് അനുകൂലമറുപടി ലഭിച്ച ഹർജികൾ, സർക്കാർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി അവസാനിപ്പിച്ച ഹർജികൾ, സർക്കാരിൽ നിന്ന് മറുപടി ലഭിക്കേണ്ട ഹർജികൾ എന്നിവ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

2020 നവംബർ 4-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

കെ. വി. അബ്ദുൾ ഖാദർ,

*അദ്ധ്യക്ഷൻ,*

*പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2021 ജനുവരി 13.

# റിപ്പോർട്ട്

ഇന്ത്യയിൽ സാക്ഷരതയിൽ പ്രഥമ സ്ഥാനത്ത് നിൽക്കുന്ന കേരള ജനത ശാസ്ത്ര സാങ്കേതിക മേഖലയിലെ ഉയർന്ന പരിജ്ഞാനംകൊണ്ട് വിദേശരാജ്യങ്ങളിൽ തൊഴിൽപരമായ ഉയർച്ച നേടുകയും തൽഫലമായി കേരളത്തിന്റെ ആഭ്യന്തര സമ്പദ് വ്യവസ്ഥയുടെ ഏതാണ്ട് മൂന്നിലൊരു ഭാഗം സംഭാവന ചെയ്യുവാൻ പ്രവാസി മലയാളിക്ക് സാധിക്കുകയും ചെയ്തിട്ടുണ്ട്. വർഷങ്ങളായി ഓരോ വിദേശ മലയാളിയും ഈ അഭിമാനത്തിലൂടെയാണ് കടന്നുപോകുന്നത്. എന്നാൽ ഗൾഫ് മേഖലയിൽ തദ്ദേശീയർ തൊഴിൽ മേഖലയിൽ ചുവടുറപ്പിക്കുകയും മേധാവിത്തം കരസ്ഥമാക്കുകയും ചെയ്യുതോടെ സാമ്പത്തിക പ്രതിസന്ധിയുടെ കാണാക്കയങ്ങളിലേയ്ക്ക് പ്രവാസി മലയാളി മുങ്ങുന്ന അവസ്ഥയാണ് നിലവിലുള്ളത്.

2. 2017-ലെ വാർഷിക കണക്കുകൾ പ്രകാരം 80,000 കോടി രൂപ ഗൾഫ് മേഖലയിൽ നിന്നും കേരളത്തിലെത്തിയിട്ടുണ്ടെന്ന് കാണുന്നു. എന്നാൽ തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിൽ പ്രസ്തുത തുകയിൽ ഗണ്യമായ കുറവ് വന്നുകൊണ്ടിരിക്കുന്നു. ഗൾഫ് രാജ്യങ്ങളിൽ മാറി വരുന്ന തൊഴിൽ നിയമങ്ങളുടെ പ്രതിഫലനമായി, വരും വർഷങ്ങളിൽ ആയത് കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കുമെന്ന യാഥാർത്ഥ്യം നമ്മൾ മനസ്സിലാക്കേണ്ടിയിരിക്കുന്നു.

3. പ്രവാസി മലയാളികളുടെയും മറുനാടൻ മലയാളികളുടെയും പുനരധിവാസമുൾ-പ്പെടെയുള്ള നിരവധി വിഷയങ്ങൾ സമിതി പരിഗണനയ്ക്കെടുക്കുകയും വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നല്കുന്നതിനായി സർക്കാരിലേയ്ക്ക് ശിപാർശകൾ നടത്തുകയും ചെയ്തിട്ടുണ്ട്. സമിതിയുടെ അവസരോചിതമായ ഇടപെടലുകൾ പ്രവാസി മലയാളികൾക്ക് വലിയൊരളവിൽ ആശ്വാസമാകുന്നു എന്നത് സമിതിയുടെ അഭിമാനാർഹമായ നേട്ടമായി കാണുന്നു.

4. 1-1-2019 മുതൽ 31-12-2019 വരെയുള്ള കാലയളവിൽ സമിതി നടത്തിയ പ്രവർത്തനങ്ങളും പരിഗണനയിലുള്ള ഹർജികളും, സമർപ്പിച്ച റിപ്പോർട്ടുകൾ സംബന്ധിച്ച വിശദാംശവും, സമിതിയുടെ ഇടപെടൽമൂലം പരിഹരിക്കപ്പെട്ട ഹർജികൾ 'സംബന്ധിച്ച വിശദാംശവും (അനുബന്ധം I), സർക്കാർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി അവസാനിപ്പിച്ച ഹർജികളെ സംബന്ധിച്ച വിശദാംശവും (അനുബന്ധം II), സമിതിയുടെ പരിഗണനയിലുള്ളതും നാളിതുവരെ സർക്കാരിൽ നിന്നും മറുപടി ലഭിക്കാത്തതുമായ ഹർജികൾ സംബന്ധിച്ച വിശദാംശവും (അനുബന്ധം III) ഉൾപ്പെടുത്തി തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

5. റിപ്പോർട്ട് കാലയളവിൽ സമിതി 19 യോഗങ്ങൾ ചേരുകയുണ്ടായി. അതിൽ വയനാട് ജില്ലാതല സന്ദർശനവും സമിതിയുടെ അഖിലേന്ത്യ പഠന പര്യടന പരിപാടിയും ഉൾപ്പെടുന്നു. പ്രസ്തുത സന്ദർശനത്തിന്റെ ഭാഗമായി സമിതി പശ്ചിമ ബംഗാൾ, ഛത്തീസ്ഗഡ് എന്നീ സംസ്ഥാനങ്ങൾ സന്ദർശിക്കുകയും യോഗങ്ങൾ ചേരുകയും പ്രവാസി മലയാളികൾ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ പഠനവിധേയമാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സമിതി (2019-2021)യുടെ റിപ്പോർട്ട് കാലയളവിൽ 2 ആക്ഷൻ ടേക്കൺ റിപ്പോർട്ട്, ജനറൽ റിപ്പോർട്ട്, പ്രവാസിക്ഷേമപ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിനും മടങ്ങി വരുന്ന പ്രവാസികളുടെ പുനരധിവാസത്തിനും ഫണ്ട് കണ്ടെത്തുന്നതിനായി ഒരു സ്പെഷ്യൽ ലോട്ടറി നടത്തുന്നതിനാവശ്യമായ ശിപാർശകൾ ഉൾപ്പെടുത്തിയ റിപ്പോർട്ട് എന്നിങ്ങനെ 4 റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുകയുണ്ടായി.

6. റിപ്പോർട്ട് കാലയളവിൽ സമിതിക്ക് ലഭിച്ച ഹർജികളുടേയും ജില്ലാസന്ദർശന വേളയിൽ സമിതിക്ക് ബോദ്ധ്യപ്പെട്ട വസ്തുതകളുടേയും അടിസ്ഥാനത്തിൽ സമിതിയുടെ നിഗമനങ്ങൾ /ശിപാർശകൾ ചുവടെ ചേർക്കുന്നു.

1. പ്രവാസിക്ഷേമപ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നിരവധി ക്രിയാത്മകപദ്ധതികൾ സർക്കാർ നടപ്പിലാക്കി വരുന്നുണ്ട്. എന്നാൽ പ്രവാസികൾ വർഷങ്ങളോളം ഗൾഫ് /ഇതര രാജ്യങ്ങളിൽ പണിയെടുത്ത് തിരികെ നാട്ടിലെത്തുന്നത് പ്രമേഹം/വൃക്ക/കരൾ/ഹൃദയസംബന്ധമായ രോഗങ്ങൾ എന്നിവയോടൊപ്പമാണ് എന്ന വസ്തുത ഖേദകരമാണ്. ഇവരുടെ ചികിത്സയ്ക്കായി 'സാന്ത്വനം' പോലുള്ള പദ്ധതികൾ നിലവിലുണ്ടെങ്കിലും വളരെയധികം സാമ്പത്തികബാദ്ധ്യത വരുന്ന ഇത്തരം ചികിത്സയ്ക്കായി പ്രവാസികളെ അവരുടെ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് നിർദ്ധനരായ പ്രവാസികൾക്ക് മികച്ച ചികിത്സാസൗകര്യം ഒരുക്കുന്നതിന് ആരോഗ്യവകുപ്പുമായി ചേർന്ന് നൂതനപദ്ധതികൾ ആവിഷ്കരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2. അംഗീകൃത സംവിധാനങ്ങൾ വഴി പ്രവാസികൾ നാട്ടിലേയ്ക്ക് അയയ്ക്കുന്ന പണത്തിന്റെ കാര്യത്തിൽ ഇന്ത്യയിൽ ഒന്നാമതാണ് കേരളമെന്നത് അഭിമാനാർഹമാണ്. പ്രവാസിപ്പണത്തിന്റെ ഏകദേശം 27%വും എത്തുന്നത് യു.എ.ഇ.യിൽ നിന്നാണ്. വിസ അനുവദിക്കുന്നതിലും ഈ രാജ്യം പ്രഥമസ്ഥാനം വഹിക്കുന്നുണ്ട്. എമിഗ്രേഷൻ നടപടികളിൽ വരുത്തിയ മാറ്റവും സാങ്കേതിക മികവുള്ളവർക്ക് കൂടുതൽ അവസരം നൽകിയതും മലയാളികൾക്ക് കൂടുതൽ സാദ്ധ്യതകൾ നല്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വിദഗ്ദ്ധ തൊഴിലാളികൾക്ക് അവരുടെ വൈദഗ്ദ്ധ്യത്തിന് അനുസൃതമായ

തൊഴിൽ നൽകുന്ന ഇത്തരം രാജ്യങ്ങളിൽ തൊഴിലവസരങ്ങൾ ഉപയോഗപ്പെടുത്തണമെന്നും വിദേശരാജ്യങ്ങളിലേയ്ക്ക് പോകുന്ന സാങ്കേതികപരിജ്ഞാനം ലഭിച്ചിട്ടുള്ളവർക്ക് കൂടുതൽ മെച്ചപ്പെട്ട അവസരങ്ങൾ ലഭ്യമാക്കുന്നതിന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങളും തൊഴിൽ ലഭ്യത സംബന്ധിച്ച വിവരങ്ങളും പത്ര-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ വഴി നൽകേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

3. വിദേശരാജ്യങ്ങളിൽ തൊഴിൽ തേടുന്നവർക്കായി സുരക്ഷാസംവിധാനം ഏർപ്പെടുത്തുന്നതിനായി ഇൻഡ്യൻ സർക്കാർ 2015 മുതൽ നടപ്പിലാക്കി വരുന്ന മൈഗ്രേറ്റ് സംവിധാനം ഉണ്ടെങ്കിലും ഗൾഫ് മേഖലയിലേയ്ക്കുള്ള മനുഷ്യക്കടത്തും ചൂഷണവും അവസാനിക്കുന്നില്ല എന്ന് സമിതി മനസ്സിലാക്കുന്നു. വിശ്രമമോ അവധിയോ ഇല്ലാതെ തൊഴിലിടങ്ങളിൽ കർശന നിയന്ത്രണങ്ങൾക്ക് വിധേയരായി പീഡിപ്പിക്കപ്പെടുന്നവർക്ക് സംരക്ഷണം ഉറപ്പുവരുത്തുന്നതിന് കൂടുതൽ നിയന്ത്രണങ്ങളും നിയമങ്ങളും കൊണ്ടുവരേണ്ടതാണെന്നും അതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

4. വിദേശത്ത് /മറുനാട്ടിൽ ക്ലേശകരമായ തൊഴിലുകളിൽ ഏർപ്പെട്ട് ജീവിക്കുന്ന പ്രവാസികളും തൊഴിൽസ്ഥലങ്ങളിൽ ചതിക്കപ്പെട്ട് നാട്ടിൽ തിരിച്ചെത്താൻ കഴിയാതെ ജയിലുകളിൽ കഴിയുന്ന പ്രവാസികളും കടബാധ്യതകളിൽപ്പെട്ട് തിരികെയെത്തുന്നവരും കടുത്ത മാനസിക സമ്മർദ്ദത്തിനടിമപ്പെട്ട് ആത്മഹത്യ പ്രവണത ഉള്ളവരായി മാറുന്നതായി സമിതി നിരീക്ഷിക്കുന്നു. ഇത്തരക്കാർക്ക് വിദഗ്ദ്ധമായ കൗൺസലിംഗ് വിദേശത്തും /മറുനാടുകളിലും നാട്ടിലും ഏർപ്പെടുത്തണമെന്നും അവരിലെ തൊഴിൽ സാധ്യതകൾ കണ്ടെത്തി ആത്മവിശ്വാസമുള്ളവരാക്കി മാറ്റുന്നതിന് നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

5. പ്രവാസി ജീവിതം മതിയാക്കി കേരളത്തിൽ താമസമാക്കിയവരിൽ വാർഷിക കുടുംബവരുമാനം ഒരു ലക്ഷം രൂപയിൽ താഴെയുള്ള ദുരിതമനുഭവിക്കുന്ന പ്രവാസി മലയാളികൾക്ക് അവരുടെ/കുടുംബാംഗങ്ങളുടെ ചികിത്സാച്ചെലവുകൾ, പെൺമക്കളുടെ വിവാഹവുമായി ബന്ധപ്പെട്ട ചെലവുകൾ, മരണമടഞ്ഞ പ്രവാസികളുടെ കുടുംബാംഗങ്ങൾക്ക് മരണാനന്തരധനസഹായം തുടങ്ങിയവ നല്കുന്ന പദ്ധതിയാണ് സാന്ത്വന. എന്നാൽ ഈ പദ്ധതി പ്രകാരം ചികിത്സാധനസഹായം ലഭിച്ചിട്ടുള്ള പ്രവാസി മരണപ്പെടുന്ന പക്ഷം മരണാനന്തര ധനസഹായം ആശ്രിതർക്ക് നിർബന്ധമായും ലഭ്യമാക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## അനുബന്ധം - I

## സമിതിയുടെ ഇടപെടൽമൂലം പരിഹരിക്കപ്പെട്ട ഹർജികൾ സംബന്ധിച്ച വിശദാംശം

1. യു.എ.ഇ.യിൽ പ്രവർത്തിക്കുന്ന എടക്കഴിയൂർ നിവാസികളുടെ സംഘടനയായ ENORA UAE സമർപ്പിച്ച ഹർജിയിലെ എടക്കഴിയൂർ പ്രാഥമിക ആരോഗ്യ കേന്ദ്രത്തെ പൊതുജനങ്ങൾക്ക് കൂടുതൽ ഉപയോഗപ്രദമാക്കുന്ന ആശുപത്രി തലത്തിലേയ്ക്ക് ഉയർത്തണമെന്ന ആവശ്യം സംബന്ധിച്ച്

(ഫയൽ നമ്പർ 14096/എൻ.ആർ.കെ.ഡബ്ല്യു.സി1/17/നി.സെ.)

എടക്കഴിയൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തെ (പുന്നയൂർ പി.എച്ച്.സി) 28-3-2017-ലെ സർക്കാർ ഉത്തരവ് പ്രകാരം ഫാമിലി ഹെൽത്ത് സെന്റർ ആക്കി ഉയർത്തുകയും 12-5-2017-ലെ സർക്കാർ ഉത്തരവ് പ്രകാരം ഒരു ഡോക്ടർ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്നിവരുടെ തസ്തികകൾ സൃഷ്ടിക്കുകയും ലാബ് സൗകര്യം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ടെന്നും പഞ്ചായത്തുമായി സഹകരിച്ച് ഏകദേശം 36 ലക്ഷം രൂപയുടെ വികസന പ്രവർത്തനങ്ങൾ ടി.എഫ്.എച്ച്.സി.യിൽ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും ആരോഗ്യകുടുംബക്ഷേമ (എം) വകുപ്പിന്റെ 23-12-2017-ലെ എം2/218/17/ ആ.ക.വ നമ്പർ കത്ത് പ്രകാരം മറുപടി ലഭ്യമാക്കിയിരുന്നു.

2. ചികിത്സാസഹായം ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. ഷെറീഫ്, കൊയിലാണ്ടി സമർപ്പിച്ച ഹർജി

(ഫയൽ നമ്പർ 23170/NRKWC2/16/നി.സെ.)

സാന്ത്വന പദ്ധതിയിൽ നിന്നും ചികിത്സാസഹായമായി ₹ 20,000 നോർക്ക റൂട്ട്സ് മുഖേന ഡിമാന്റ് ഡ്രാഫ്റ്റായി നൽകിയിട്ടുണ്ടെന്ന് കേരളീയ പ്രവാസികാര്യവകുപ്പിൽ നിന്നും 12-7-2018-ലെ 26/ബി2/2017/നോർക്ക നമ്പർ കത്തുമുഖേന മറുപടി ലഭ്യമാക്കിയിരുന്നു.

3. ഭർത്താവിന്റെ മരണാനന്തരാനുകൂല്യം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീമതി ഖദീജ, കോഴിക്കോട് സമർപ്പിച്ച ഹർജി

(ഫയൽ നമ്പർ 23172/NRKWC2/16/നി.സെ.)

മരണാനന്തര ധനസഹായമായി സാന്ത്വന പദ്ധതിയിലേയ്ക്ക് സമർപ്പിച്ചിരുന്ന അപേക്ഷയിന്മേൽ സ.ഉ. (സാധാ) നമ്പർ 340/17/നോർക്ക തീയതി 11-4-2017 പ്രകാരം 1,00,000 രൂപ ധനസഹായം അനുവദിച്ചിട്ടുള്ളതായി 15-5-2017-ലെ 29/ബി2/2017/ നോർക്ക നമ്പർ കത്ത് പ്രകാരം കേരളീയ പ്രവാസികാര്യ വകുപ്പ് മറുപടി ലഭ്യമാക്കിയിരുന്നു.

4. വിസ തട്ടിപ്പ് സംബന്ധിച്ച് ശ്രീമതി എസ്. ഗീത, തിരുവനന്തപുരം സമർപ്പിച്ച ഹർജി സംബന്ധിച്ച്

(ഫയൽ നമ്പർ 6705/NRKWC2/2016/നി.സെ.)

പരാതിയുടെ അടിസ്ഥാനത്തിൽ ട്രാവൽസ് ഉടമയ്ക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് ടിയാനെ അറസ്റ്റ് ചെയ്ത് അന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിക്കുകയുണ്ടായി എന്ന് ആഭ്യന്തര (എം) വകുപ്പിന്റെ 45714/എം1/2016/ആഭ്യന്തരം തീയതി 17-2-2017-ലെ കത്ത് പ്രകാരം മറുപടി ലഭ്യമാക്കിയിരുന്നു.

## അനുബന്ധം II

## ഗവണ്മെന്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി അവസാനിപ്പിച്ച ഹർജികൾ സംബന്ധിച്ച പട്ടിക

| ക്രമ നമ്പർ | വിഷയം | ഫയൽ നമ്പർ |
|---|---|---|
| 1 | 2 | 3 |
| 1 | ചികിത്സാനുകൂല്യം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. തൊട്ടിയിൽ ബാവ സമർപ്പിച്ച ഹർജി സംബന്ധിച്ച് | 15922/എൻ.ആർ.കെ. ഡബ്ല്യൂ.സി.1/ 2013/നി.സെ. |
| 2 | പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് ശ്രീ. ഷാഹുൽ ഹമീദ്, കേരള പ്രവാസി സംഘം, ആലപ്പുഴ സമർപ്പിച്ച ഹർജി | 19689/എൻ.ആർ.കെ. ഡബ്ല്യൂ.സി.1/ 2014/നി.സെ. |
| 3 | യു.എ.ഇ.യിൽ മരണമടഞ്ഞ ബിജുവിന്റെ കുടുംബത്തിന് ധനസഹായം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. മഞ്ഞക്കുളം നാരായണൻ സമർപ്പിച്ച ഹർജി | 23164/എൻ.ആർ.കെ. ഡബ്ല്യൂ.സി.1/ 2016/നി.സെ. |
| 4 | പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് ശ്രീ.ചത്തങ്ങാട് പ്രകാശൻ സമർപ്പിച്ച ഹർജി | 23169/എൻ.ആർ.കെ. ഡബ്ല്യൂ.സി.1/ 2016/നി.സെ. |
| 5 | പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് ശ്രീ. വി. പി. നാണു വെള്ളാപ്പറമ്പ് സമർപ്പിച്ച ഹർജി | 23171/എൻ.ആർ.കെ. ഡബ്ല്യൂ.സി.1/ 2016/നി.സെ. |
| 6 | യു.എ.ഇ.യിലെ ഇടക്കഴിയൂർ നിവാസികളുടെ കൂട്ടായ്മയായ ഇടക്കഴിയൂർ നോൺ റസിഡന്റ് അസോസിയേഷൻ സമർപ്പിച്ച ഹർജി സംബന്ധിച്ച് | 14096/എൻ.ആർ.കെ. ഡബ്ല്യൂ.സി.1/ 2017/നി.സെ. |
| 7 | പ്രവാസികളുടെ ചികിത്സാപദ്ധതികൾ കാലതാമസം കൂടാതെ ലഭ്യമാക്കുന്നത് സംബന്ധിച്ച് ശ്രീ. ഐസക് പ്ലാപ്പള്ളിൽ സമർപ്പിച്ച ഹർജി | 14527/എൻ.ആർ.കെ. ഡബ്ല്യൂ.സി.1/ 2017/നി.സെ. |
| 8 | അറുപത് വയസ് കഴിഞ്ഞ പ്രവാസികൾക്ക് പെൻഷനും ക്ഷേമനിധിയും ലഭ്യമാക്കുന്നതിന് നടപടി ആവശ്യപ്പെട്ട് ശ്രീ. വി. വി. കൃഷ്ണൻ സമർപ്പിച്ച ഹർജി | 15793/എൻ.ആർ.കെ. ഡബ്ല്യൂ.സി.1/ 2017/നി.സെ. |
| 9 | പ്രവാസികളുടെ വിവിധ ആവശ്യങ്ങൾക്കായി ശ്രീ. പി. വി. സുധാകരൻ സമർപ്പിച്ച ഹർജി | 15795/എൻ.ആർ.കെ. ഡബ്ല്യൂ.സി.1/ 2017/നി.സെ. |

| 1 | 2 | 3 |
|---|---|---|
| 10 | പ്രവാസികളുടെ ഇൻഷ്വറൻസ് നിലനിർത്തുന്നതിനായി നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. എം. സി. ഹനീഫ സമർപ്പിച്ച ഹർജി | 15800/എൻ.ആർ.കെ. ഡബ്ല്യു.സി.1/ 2017/നി.സെ. |
| 11 | പി.എസ്.സി. ലിസ്റ്റിൽ നിയമനം ലഭിക്കുന്നതിന് ഇളവ് ആവശ്യപ്പെട്ട് ശ്രീ. മുഹമ്മദ് അൻസാരി സമർപ്പിച്ച ഹർജി | 20052/എൻ.ആർ.കെ. ഡബ്ല്യു.സി.1/ 2017/നി.സെ. |
| 12 | പെൻഷൻ ലഭിക്കുന്നതിന് നടപടി ആവശ്യപ്പെട്ട് ശ്രീ. പി. സി. ജോസഫ് സമർപ്പിച്ച ഹർജി | 20868/എൻ.ആർ.കെ. ഡബ്ല്യു.സി.1/ 2017/നി.സെ. |
| 13 | സ്ഥലം നൽകാമെന്ന് വാഗ്ദാനം നല്കി പണം തട്ടിയെടുത്തത് സംബന്ധിച്ച് ശ്രീ. സുരേഷ് സമർപ്പിച്ച ഹർജി | 21047/എൻ.ആർ.കെ. ഡബ്ല്യു.സി.1/ 2017/നി.സെ. |
| 14 | മാഫിയ സംഘത്തിനെതിരെ നടപടി ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. ജയകുമാർ കേശവപിള്ള, സ്റ്റാറ്റ് സമർപ്പിച്ച ഹർജി | 12347/എൻ.ആർ.കെ. ഡബ്ല്യു.സി2/ 2012/നി.സെ. |
| 15 | 60 വയസിനു മുകളിൽ പ്രായമുള്ള പ്രവാസികൾക്ക് പെൻഷനും, സൗജന്യവൈദ്യസഹായവും ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. സി. എ. ചാക്കോ, പത്തനംതിട്ട സർപ്പിച്ച ഹർജി | 13033/എൻ.ആർ.കെ. ഡബ്ല്യു.സി2/ 2012/നി.സെ. (19-11-2019) |
| 16 | വായ്പാകുടിശ്ശിക ഒഴിവാക്കിത്തരണമെന്നാവശ്യപ്പെട്ട് ശ്രീ. എം. എച്ച്. അബൂബക്കർ, പാലക്കാട് സമർപ്പിച്ച ഹർജി | 22032/എൻ.ആർ.കെ. ഡബ്ല്യു.സി2/ 2013/നി.സെ. |
| 17 | അബുദാബിയിൽ വച്ച് മരണമടഞ്ഞ ഭർത്താവിന്റെ മരണാനന്തര ധനസഹായം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി ഇന്ദിര കുമാരി, തിരുവനന്തപുരം സമർപ്പിച്ച ഹർജി | 24379/എൻ.ആർ.കെ. ഡബ്ല്യു.സി2/ 2015/നി.സെ. |
| 18 | വീസ തട്ടിപ്പ് സംബന്ധിച്ച് ശ്രീമതി എസ്. ഗീത, തിരുവനന്തപുരം സമർപ്പിച്ച ഹർജി | 16705/എൻ.ആർ.കെ. ഡബ്ല്യു.സി2/ 2016/നി.സെ. |
| 19 | പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് ശ്രീ. ടി. കെ. കണ്ണൻ, പ്രസിഡന്റ് കേരള പ്രവാസി സംഘം, നാദാപുരം സമർപ്പിച്ച ഹർജി | 23161/എൻ.ആർ.കെ. ഡബ്ല്യു.സി2/ 2016/നി.സെ. |
| 20 | വിവാഹധനസഹായം ആവശ്യപ്പെട്ട് ശ്രീ. സി. എ. കുഞ്ഞോയി, സെക്രട്ടറി, കേരള പ്രവാസി സംഘം കോഴിക്കോട് സമർപ്പിച്ച ഹർജി | 23168/എൻ.ആർ.കെ. ഡബ്ല്യു.സി2/ 2016/നി.സെ. |

| 1 | 2 | 3 |
|---|---|---|
| 21 | ധനസഹായം ആവശ്യപ്പെട്ട് ശ്രീ. ഷെറീഫ്, കോഴിക്കോട് സമർപ്പിച്ച ഹർജി | 23170/എൻ.ആർ.കെ. ഡബ്ല്യു.സി2/ 2016/നി.സെ. |
| 22 | ഭർത്താവിന്റെ മരണാനന്തര ആനുകൂല്യം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി ഖദീജ, കോഴിക്കോട് സമർപ്പിച്ച ഹർജി | 23172/എൻ.ആർ.കെ. ഡബ്ല്യു.സി2/ 2016/നി.സെ. |
| 23 | സ്വയം തൊഴിലിനായി ലോൺ അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. പി. ലോഹിദാസൻ, ആലപ്പുഴ സമർപ്പിച്ച ഹർജി | 14530/എൻ.ആർ.കെ. ഡബ്ല്യു.സി2/ 2017/നി.സെ. |
| 24 | അഴിമതിരഹിത നഴ്സിംഗ് റിക്രൂട്ട്മെന്റ് ആരംഭിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ഐസക് പ്ലാപ്പിള്ളിൽ, പ്രസിഡന്റ് പ്രവാസി മലയാളി വെൽഫയർ അസോസിയേഷൻ സമർപ്പിച്ച ഹർജി | 14786/എൻ.ആർ.കെ. ഡബ്ല്യു.സി2/ 2017/നി.സെ. |
| 25 | പ്രവാസികളുടെ വിവിധ ആവശ്യങ്ങളുന്നയിച്ച് ശ്രീ. പി. കെ. അബ്ദുള്ള, കാസർഗോഡ് സമർപ്പിച്ച ഹർജി | 15803/എൻ.ആർ.കെ. ഡബ്ല്യു.സി.2/ 2017/നി.സെ. |
| 26 | വായ്പ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. എ. കെ. മുരളീധരൻ, തൃശ്ശൂർ സമർപ്പിച്ച ഹർജി | 20867/എൻ.ആർ.കെ. ഡബ്ല്യു.സി.2/ 2017/നി.സെ. |
| 27 | അയൽവാസികൾ ഭൂമി ഉപയോഗിക്കുന്നതിനെതിരെ ശ്രീ. വി. എസ്. ഇന്ദ്രൻ, തൃശ്ശൂർ സമർപ്പിച്ച ഹർജി | 20869/എൻ.ആർ.കെ. ഡബ്ല്യു.സി.2/ 2017/നി.സെ. |
| 28 | പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് കേരള പ്രവാസി ഫെഡറേഷൻ, തൃശ്ശൂർ ജില്ലാ കമ്മിറ്റി സമർപ്പിച്ച ഹർജി | 20871/എൻ.ആർ.കെ. ഡബ്ല്യു.സി.2/ 2017/നി.സെ. |
| 29 | പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് ശ്രീ. പി. കെ. സലീം, തൃശ്ശൂർ സമർപ്പിച്ച ഹർജി | 20873/എൻ.ആർ.കെ. ഡബ്ല്യു.സി.2/ 2017/നി.സെ. |
| 30 | വിസ പുതുക്കാൻ പണം വാങ്ങി വഞ്ചിച്ചതിനെതിരെ നടപടി ആവശ്യപ്പെട്ട് ശ്രീമതി ചിത്രലേഖ, തൃശ്ശൂർ സമർപ്പിച്ച ഹർജി | 20879/എൻ.ആർ.കെ. ഡബ്ല്യു.സി.2/ 2017/നി.സെ. |
| 31 | പ്രവാസികളുടെ വിവിധ ആവശ്യങ്ങളുന്നയിച്ച് ശ്രീ. ആർ. വി. ആചാരി, ബംഗളൂരു സമർപ്പിച്ച ഹർജി | 23464/എൻ.ആർ.കെ. ഡബ്ല്യു.സി.2/ 2017/നി.സെ. |

## അനുബന്ധം- III

### സമിതിയുടെ പരിഗണനയിലുള്ളതും നാളിതുവരെ സർക്കാരിൽനിന്നും അന്തിമ റിപ്പോർട്ട് ലഭിക്കാത്തതുമായ ഹർജികൾ സംബന്ധിച്ച പട്ടിക

**കേരളീയ പ്രവാസികാര്യവകുപ്പ്**

| ക്രമ നമ്പർ | വിഷയവും ഫയൽ നമ്പരും | റഫറൻസ് നമ്പർ |
|---|---|---|
| 1 | 2 | 3 |
| 1 | സമിതി (2011-2014) യുടെ 10-12-2013-ലെ യോഗം-ശിപാർശകളിന്മേൽ അനന്തരനടപടികൾ സംബന്ധിച്ച് (ഫയൽനമ്പർ13036/എൻ.ആർ.കെ.ഡബ്ല്യൂ.സി./14/നി.സെ. | 2188/ബി2/14/ നോർക്ക/ തീയതി 1-2-2016 |
| 2 | സമിതി(2014-2016)യുടെ 6-ാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സംബന്ധിച്ച് (ഫയൽനമ്പർ15936/എൻ.ആർ.കെ.ഡബ്ല്യൂ.സി./16/നി. സെ.) | ബി2/19/16/നോർക്ക/ തീയതി 19-2-2016 |
| 3 | ചികിത്സാനഷ്ടപരിഹാരം ആവശ്യപ്പെട്ട് ശ്രീമതി നീതു ജോസ് സമർപ്പിച്ച ഹർജി സംബന്ധിച്ച് (ഫയൽനമ്പർ14525/എൻ.ആർ.കെ.ഡബ്ല്യൂ.സി./17/നി.സെ.) | എ 1/428/17/നോർക്ക/ തീയതി 18-12-2018 |
| 4 | സമിതി(2016-2019)യുടെ ഒന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് (ഫയൽനമ്പർ19100/എൻ.ആർ.കെ.ഡബ്ല്യൂ.സി./17/നി.സെ.) | 151/ബി2/17/നോർക്ക/ തീയതി 2-6-2017 |
| 5 | പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി (2016-2019) യുടെ മൂന്നാമത് റിപ്പോർട്ട് സംബന്ധിച്ച് (ഫയൽനമ്പർ22314/എൻ.ആർ.കെ.ഡബ്ല്യൂ.സി./17/നി.സെ.) | 163/ബി2/18/നോർക്ക തീയതി 17-4-2018 |
| 6 | പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് ജനസംസ്കൃതി, ഡൽഹി സമർപ്പിച്ച ഹർജി സംബന്ധിച്ച് (ഫയൽനമ്പർ23467/എൻ.ആർ.കെ.ഡബ്ല്യൂ.സി./17/നി.സെ.) | 430/ബി2/17/ തീയതി 3-2-2018 |
| 7 | പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് ശ്രീ. പി.ഡി. ജയപ്രകാശ്, മുംബൈ സമർപ്പിച്ച ഹർജി (ഫയൽനമ്പർ23470/എൻ.ആർ.കെ.ഡബ്ല്യൂ.സി./17/നി.സെ.) | ബി2/448/18/ തീയതി 21-2-2018 |

| 1 | 2 | 3 |
|---|---|---|
| 8 | ക്ഷേമനിധി അംഗത്വം പുതുക്കുന്നതിന് നടപടി ആവശ്യപ്പെട്ട് ശ്രീ. ശരത് ചന്ദ്രബോസ് സമർപ്പിച്ച ഹർജി സംബന്ധിച്ച് (ഫയൽനമ്പർ23529/എൻ.ആർ.കെ.ഡബ്ല്യു.സി/17/നി.സെ.) | എ 1/564/2017/ നോർക്ക/ തീയതി 23-11-2019 |
| 9 | പ്രവാസികളുടെ വിഷയങ്ങൾ സംബന്ധിച്ച് കേരള പ്രവാസി സംഘം പ്രസിഡന്റ് സമർപ്പിച്ച ഇ-മെയിൽ സംബന്ധിച്ച് (ഫയൽനമ്പർ22406/എൻ.ആർ.കെ.ഡബ്ല്യു.സി/18/നി.സെ.) | എ 1/390/18/നോർക്ക/ തീയതി 14-11-2018 |
| 10 | ഹോം ലോൺ മൊറട്ടോറിയത്തിന്റെ ആനുകൂല്യം ലഭ്യമാക്കുന്നത് സംബന്ധിച്ച് ശ്രീ. രഞ്ജിത് കുമാർ സമർപ്പിച്ച ഹർജി (ഫയൽനമ്പർ24103/എൻ.ആർ.കെ.ഡബ്ല്യു.സി/18/നി. സെ.) | ബി1/260/18/നോർക്ക/ തീയതി 4-12-2018 |
| 11 | പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് (ഫയൽനമ്പർ24105/എൻ.ആർ.കെ.ഡബ്ല്യു.സി/18/നി.സെ.) | എ 1/99/19/നോർക്ക/ തീയതി 26-9-2019 |
| 12 | അപകടത്തിൽ പരിക്കേറ്റതിന് ചികിത്സാ ധനസഹായവും ഇൻഷ്വറൻസും ആവശ്യപ്പെട്ട് ശ്രീ. പ്രസാദ് സമർപ്പിച്ച ഹർജി (ഫയൽനമ്പർ24734/എൻ.ആർ.കെ.ഡബ്ല്യു.സി/18/നിസെ) | A1/389/18/നോർക്ക/ തീയതി 19-11-2018 |
| 13 | ചികിത്സാധനസഹായം ആവശ്യപ്പെട്ട് ശ്രീ. അജിത് കുമാർ, വയനാട് സമർപ്പിച്ച ഹർജി സംബന്ധിച്ച് (ഫയൽനമ്പർ14295/എൻ .ആർ.കെ.ഡബ്ല്യു.സി1/19/നിസെ.) | എ 2/59/19/നോർക്ക തീയതി 2-3-2019 |
| 14 | ഹോട്ട് ലൈൻ വാട്ട്സ്ആപ്പ് നമ്പർ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ഗിരീഷ് ദേവദാസ് സമർപ്പിച്ച ഹർജി (ഫയൽനമ്പർ14452/എൻ.ആർ.കെ.ഡബ്ല്യു.സി1/19/നിസെ.) | ബി3/60/19/നോർക്ക തീയതി 13-3-2019 |
| 15 | പ്രവാസിയായിരിക്കെ മരണമടഞ്ഞ മകന് ലഭിക്കേണ്ടിയിരുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ഹരിദാസ്, കോട്ടയം സമർപ്പിച്ച ഹർജി സംബന്ധിച്ച് (ഫയൽനമ്പർ14526/എൻ.ആർ.കെ.ഡബ്ല്യു.സി2/2017/നിസെ.) | എ 1/419/17/നോർക്ക തീയതി 1-4-2019 |

| 1 | 2 | 3 |
|---|---|---|
| 16 | വിദേശത്ത് ജോലി ചെയ്തിരുന്ന സ്ഥാപനത്തിൽ നിന്നും ലഭിക്കാനുള്ള തുക ലഭിക്കാൻ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി ടീന വർഗ്ഗീസ്, കാസർഗോഡ് സമർപ്പിച്ച ഹർജി (ഫയൽനമ്പർ15801/എൻ.ആർ.കെ.ഡബ്ല്യു.സി2/17/നി.സെ.) | എ 1/431/17/നോർക്ക തീയതി 21-08-2019 |
| 17 | പൊതുമാപ്പ് നേടി മടങ്ങിയെത്തുന്നവർക്ക് തിരിച്ചറിയൽ രേഖ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. സലീം റാവുത്തർ, പത്തനംതിട്ട സമർപ്പിച്ച ഹർജി (ഫയൽനമ്പർ24106/എൻ.ആർ.കെ.ഡബ്ല്യു.സി2/18/നി.സെ.) | |
| 18 | പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ഓൾ ഇന്ത്യാ മലയാളി അസോസിയേഷൻ, ന്യൂഡൽഹി സമർപ്പിച്ച ഹർജി (ഫയൽനമ്പർ23466/എൻ.ആർ.കെ.ഡബ്ല്യു.സി2/17/നി.സെ.) | ബി2/444/2017/ നോർക്ക തീയതി 6-2-2018 |
| 19 | സമിതി (2016-2019)യുടെ നാലാമത് റിപ്പോർട്ട്-അനന്തരനടപടികൾ സംബന്ധിച്ച് (ഫയൽനമ്പർ20344/എൻ.ആർ.കെ.ഡബ്ല്യു.സി2/17/നി.സെ.) | |
| 20 | ലോണുകൾ ലഭ്യമാക്കുന്നതിൽ ബാങ്കുകൾ കാണിക്കുന്ന വിമുഖത സംബന്ധിച്ച് ശ്രീ. സൂറിയ ജോസഫ്, പത്തനംതിട്ട സമർപ്പിച്ച ഹർജി സംബന്ധിച്ച് (ഫയൽനമ്പർ24110/എൻ.ആർ.കെ.ഡബ്ല്യു.സി2/18/നി.സെ.) | എ 2/372/2018/ നോർക്ക തീയതി 4-1-2019 |
| 21 | പ്രവാസികളുടെ വിവിധ ആവശ്യങ്ങളുന്നയിച്ച് ശ്രീ. ഉമർ വിളക്കോട്, കോട്ടയം സമർപ്പിച്ച ഹർജി. (ഫയൽനമ്പർ26836/എൻ.ആർ.കെ.ഡബ്ല്യു.സി2/18/നി.സെ.) | എ 2/26/2019 തീയതി 6-2-2019 |

**ആരോഗ്യ കുടുംബക്ഷേമ വകുപ്പ്**

| ക്രമ നമ്പർ | വിഷയവും ഫയൽ നമ്പരും | റഫറൻസ് നമ്പർ |
|---|---|---|
| 1 | പ്രവാസികളുടെ വിവിധ ആവശ്യങ്ങളുന്നയിച്ച് ശ്രീ. കെ. രാജേന്ദ്രൻ, കാസർഗോഡ് സമർപ്പിച്ച ഹർജി (ഫയൽനമ്പർ15797/എൻ.ആർ.കെ.ഡബ്ല്യു.സി2/17/നി. സെ.) | |
| 2 | വിവിധ ആവശ്യങ്ങളുന്നയിച്ചുകൊണ്ട് ശ്രീ. ഉമർ വിളക്കോട് കോട്ടയം സമർപ്പിച്ച ഹർജി (ഫയൽനമ്പർ26836/എൻ.ആർ.കെ.ഡബ്ല്യു.സി2/18/നി.സെ.) | 3506308/പി.എസ്1/ 2019/ ആ.കു.വ. തീയതി 29-5-2019 |

### ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പ്

| ക്രമ നമ്പർ | വിഷയവും ഫയൽ നമ്പരും | റഫറൻസ് നമ്പർ |
|---|---|---|
| 1 | സർക്കാർ ജോലികളിൽ പ്രവാസികൾക്ക് മുൻഗണന നൽകണമെന്നാവശ്യപ്പെട്ട് ശ്രീ. രാജു പള്ളിക്കര, കാസർഗോഡ് സമർപ്പിച്ച ഹർജി സംബന്ധിച്ച് (ഫയൽനമ്പർ15799/എൻ.ആർ.കെ.ഡബ്ല്യു.സി2/17/നി.സെ.) | |

### പൊതുഭരണ സർവ്വീസസ് വകുപ്പ്

| ക്രമ നമ്പർ | വിഷയവും ഫയൽ നമ്പരും | റഫറൻസ് നമ്പർ |
|---|---|---|
| 1 | സമിതി (2016-2019)യുടെ നാലാമത് റിപ്പോർട്ട്- അനന്തരനടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച്. (ഫയൽനമ്പർ20344/എൻ.ആർ.കെ.ഡബ്ല്യു.സി2/18/നി.സെ.) | |

### നികുതി വകുപ്പ്

| ക്രമ നമ്പർ | വിഷയവും ഫയൽ നമ്പരും | റഫറൻസ് നമ്പർ |
|---|---|---|
| 1 | സമിതി (2016-2019) യുടെ നാലാമത് റിപ്പോർട്ട്- അനന്തരനടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച്. (ഫയൽനമ്പർ20344/എൻ.ആർ.കെ.ഡബ്ല്യു.സി2/18/നി.സെ.) | |
| 2 | സമിതി (2019-2021)യുടെ 3-10-2019-ലെ തെളിവെടുപ്പ് യോഗം സംബന്ധിച്ച് (ഫയൽനമ്പർ14153/എൻ.ആർ.കെ.ഡബ്ല്യു.സി1/19/നി. സെ.) | എച്ച് 2/142/2020 തീയതി 28-1-2020 |

### പിന്നാക്കവിഭാഗ വികസന വകുപ്പ്

| ക്രമ നമ്പർ | വിഷയവും ഫയൽ നമ്പരും | റഫറൻസ് നമ്പർ |
|---|---|---|
| 1 | വിശ്വകർമ്മ സുധാമ സംഘടന പ്രസിഡന്റ് സമർപ്പിച്ച ഹർജി സംബന്ധിച്ച് (ഫയൽനമ്പർ21526/എൻ.ആർ.കെ.ഡബ്ല്യു.സി1/19/നി.സെ.) | |

## റവന്യൂ വകുപ്പ്

| ക്രമ നമ്പർ | വിഷയവും ഫയൽ നമ്പരും | റഫറൻസ് നമ്പർ |
|---|---|---|
| 1 | പ്രവാസികളുടെ വിവിധ വിഷയങ്ങൾ സംബന്ധിച്ച് ശ്രീ. റ്റി. എച്ച് കഞ്ഞാലി സമർപ്പിച്ച ഹർജി സംബന്ധിച്ച് (ഫയൽനമ്പർ17438/എൻ.ആർ.കെ.ഡബ്ല്യൂ.സി1/11/നി.സെ.) | 32076/ജ2/14/റവന്യൂ തീയതി 11-2-2015 |
| 2 | വ്യവസായ യൂണിറ്റിനായി ഭൂമി കരം തീർത്ത് നല്കണമെന്നാവശ്യപ്പെട്ട് ശ്രീ. ഡി. വിജയപ്പൻ സമർപ്പിച്ച ഹർജി സംബന്ധിച്ച് (ഫയൽനമ്പർ14529/എൻ.ആർ.കെ.ഡബ്ല്യൂ.സി1/17/നി.സെ.) | Rev P1/298/17/Rev |
| 3 | വസ്തുവിന് കരം ഒടുക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. യോഗീദാസൻ സമർപ്പിച്ച ഹർജി (ഫയൽനമ്പർ24111/എൻ.ആർ.കെ.ഡബ്ല്യൂ.സി1/18/നി. സെ.) | Rev -E3/139/18 തീയതി 22-12-2018 |
| 4 | വീടിനെ ആഡംബരനികുതിയിൽ നിന്നും ഒഴിവാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. പി. പി. ഹംസ, കണ്ണൂർ സമർപ്പിച്ച ഹർജി (ഫയൽനമ്പർ26837/എൻ.ആർ.കെ.ഡബ്ല്യൂ.സി2/18/നി.സെ.) | റവ-എസ്.സി.2/21/19/റവ, തീയതി 18-3-2019 |

## ആഭ്യന്തര വകുപ്പ്

| ക്രമ നമ്പർ | വിഷയവും ഫയൽ നമ്പരും | റഫറൻസ് നമ്പർ |
|---|---|---|
| 1 | പ്രവാസികളുടെ വിവിധ വിഷയങ്ങൾ സംബന്ധിച്ച് ജിദ്ദ-കൊണ്ടോട്ടി മുൻസിപ്പൽ കേരള മുസ്ലീം കൾച്ചറൽ സെന്റർ സമർപ്പിച്ച ഹർജി സംബന്ധിച്ച് (ഫയൽനമ്പർ23166/എൻ.ആർ.കെ.ഡബ്ല്യൂ.സി1/16/നി. സെ.) | ഡി3/104/109 ആഭ്യന്തര (ഡി) തീയതി 26-4-2019 |
| 2 | പ്രവാസികളുടെ വിവിധ വിഷയങ്ങൾ സംബന്ധിച്ച് ശ്രീ. കുഞ്ഞുമോൻ ഹാജി സമർപ്പിച്ച ഹർജി (ഫയൽനമ്പർ20588/എൻ.ആർ.കെ.ഡബ്ല്യൂ.സി1/18/നി.സെ.) | ആഭ്യന്തരം എം2/427/18/ ആഭ്യ. തീയതി 12-4-2019 |

| | | |
|---|---|---|
| 3 | പ്രവാസികളുടെ വിവിധ വിഷയങ്ങൾ സംബന്ധിച്ച് ശ്രീ. കെ. രാജേന്ദ്രൻ, കാസർഗോഡ് സമർപ്പിച്ച ഹർജി<br>(ഫയൽനമ്പർ15797/എൻ.ആർ.കെ.ഡബ്ല്യു.സി2/17/നി.സെ.) | ആഭ്യന്തര-ജെ1/774/2019-ആഭ്യന്തരം തീയതി 7-3-2019 |
| 4 | പ്രവാസികളുടെ വിവിധ വിഷയങ്ങൾ സംബന്ധിച്ച് ശ്രീ. അബ്ദുൾ ഖാദർ ടി. പി., കണ്ണൂർ സമർപ്പിച്ച ഹർജി<br>(ഫയൽനമ്പർ18715/എൻ.ആർ.കെ.ഡബ്ല്യു.സി2/13/നി.സെ.) | ആഭ്യന്തരം എം2/427/18/ ആഭ്യ. |

## ഉന്നതവിദ്യാഭ്യാസ വകുപ്പ്

| ക്രമ നമ്പർ | വിഷയവും ഫയൽ നമ്പരും | റഫറൻസ് നമ്പർ |
|---|---|---|
| 1 | സമിതി (2011-14) യുടെ നാലാമത് റിപ്പോർട്ടിലെ 25-ാം ഖണ്ഡികയിലെ ശിപാർശ സംബന്ധിച്ച്.<br>(ഫയൽനമ്പർ12812/എൻ.ആർ.കെ.ഡബ്ല്യു.സി1/14/നി. സെ.) | ഉന്നതവിദ്യാഭ്യാസ (ബി) വകുപ്പ് |

## പൊതുവിദ്യാഭ്യാസ വകുപ്പ്

| ക്രമ നമ്പർ | വിഷയവും ഫയൽ നമ്പരും | റഫറൻസ് നമ്പർ |
|---|---|---|
| 1 | സമിതി (2011-14) യുടെ നാലാമത് റിപ്പോർട്ടിലെ 11, 12 ശിപാർശകളിന്മേലുള്ള നടപടി റിപ്പോർട്ട് സംബന്ധിച്ച്<br>(ഫയൽനമ്പർ12812/എൻ.ആർ.കെ.ഡബ്ല്യു.സി1/14/നി. സെ.) | എസ്1/5/2018/പൊ. വി.വ.<br>തീയതി 11-4-2018 |

## സാമൂഹ്യനീതി വകുപ്പ്

| ക്രമ നമ്പർ | വിഷയവും ഫയൽ നമ്പരും | റഫറൻസ് നമ്പർ |
|---|---|---|
| 1 | സാമ്പത്തിക ധനസഹായം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ജയരാജ് കെ. എം. സമർപ്പിച്ച ഹർജി<br>(ഫയൽനമ്പർ20874/എൻ.ആർ.കെ.ഡബ്ല്യു.സി1/17/നി.സെ.) | |

### തദ്ദേശസ്വയംഭരണ വകുപ്പ്

| ക്രമ നമ്പർ | വിഷയവും ഫയൽ നമ്പരും | റഫറൻസ് നമ്പർ |
|---|---|---|
| 1 | പ്രവാസികളുടെ വിവിധവിഷയങ്ങൾ സംബന്ധിച്ച് ശ്രീ. റ്റി. എച്ച്. കുഞ്ഞാലി സമർപ്പിച്ച ഹർജി (ഫയൽനമ്പർ17438/എൻ.ആർ.കെ.ഡബ്ല്യൂ.സി1/11/നി. സെ.) | 51941/ഡിഎ 3/14/ ത.സ്വ. ഭ.വ. തീയതി 19-8-14 |
| 2 | സമിതി (2014-16) യുടെ ആറാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സംബന്ധിച്ച് (ഫയൽനമ്പർ15936/എൻ.ആർ.കെ.ഡബ്ല്യൂ.സി1/16/നി. സെ.) | |
| 3 | വിവിധ ക്ഷേമപദ്ധതികൾ ലഭ്യമാക്കുന്നതിന് നടപടി ആവശ്യപ്പെട്ട് ശ്രീ. കെ. പവിത്രൻ സമർപ്പിച്ച ഹർജി (ഫയൽനമ്പർ23472/എൻ.ആർ.കെ.ഡബ്ല്യൂ.സി1/17/നി.സെ.) | |
| 4 | പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് ശ്രീ.കെ. രാജേന്ദ്രൻ സമർപ്പിച്ച ഹർജി (ഫയൽനമ്പർ15797/എൻ.ആർ.കെ.ഡബ്ല്യൂ.സി2/18/നി. സെ.) | LSGD-DB1/496/2018-LSGD തീയതി 28-3-2019 |

### ഗതാഗത വകുപ്പ്

| ക്രമ നമ്പർ | വിഷയവും ഫയൽ നമ്പരും | റഫറൻസ് നമ്പർ |
|---|---|---|
| 1 | പ്രവാസികളുടെ വിവിധവിഷയങ്ങൾ സംബന്ധിച്ച് ശ്രീ. പി. ഡി. ജയപ്രകാശ്, മുംബൈ സമർപ്പിച്ച ഹർജി സംബന്ധിച്ച് (ഫയൽനമ്പർ20819/എൻ.ആർ.കെ.ഡബ്ല്യൂ.സി1/16/നി. സെ.) | എ 2/515/2018/ഗതാ. തീയതി 7-11-2018 |
| 2 | പ്രവാസികളുടെ വിവിധവിഷയങ്ങൾ സംബന്ധിച്ച് ശ്രീ. ജലീൽ പാലോത്ത്, കാസർഗോഡ് സമർപ്പിച്ച ഹർജി സംബന്ധിച്ച് (ഫയൽനമ്പർ15808/എൻ.ആർ.കെ.ഡബ്ല്യൂ.സി1/17/നി. സെ.) | TRANS A2/125/17-TRANS തീയതി 20-4-2017 |
| 3 | ഗതാഗതസൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി ആവശ്യപ്പെട്ട് ശ്രീ. ആർ. വി. ആചാരി സമർപ്പിച്ച ഹർജി (ഫയൽനമ്പർ23465/എൻ.ആർ.കെ.ഡബ്ല്യൂ.സി1/17/നി. സെ.) | - |

| | | |
|---|---|---|
| 4 | സമിതി (2014-16) യുടെ നാലാമത് റിപ്പോർട്ട് - അനന്തരനടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് (ഫയൽനമ്പർ20344/എൻ.ആർ.കെ.ഡബ്ല്യു.സി2/18/നി.സെ.) | |
| 5 | പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് ശ്രീ. ഉമർ വിളക്കോട് സമർപ്പിച്ച ഹർജി (ഫയൽനമ്പർ26836/എൻ.ആർ.കെ.ഡബ്ല്യു.സി2/18/നി.സെ.) | |

**ധനകാര്യ വകുപ്പ്**

| ക്രമ നമ്പർ | വിഷയവും ഫയൽ നമ്പരും | റെഫറൻസ് നമ്പർ |
|---|---|---|
| 1 | പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് ശ്രീ. ഉമർ വിളക്കോട് സമർപ്പിച്ച ഹർജി (ഫയൽനമ്പർ26836/എൻ.ആർ.കെ.ഡബ്ല്യു.സി2/18/നി. സെ.) | 1105777/പി. എ.സി.ബി2/ 2019/ധന. തീയതി.21-3-2019 |

കെ. വി. അബ്ദുൾ ഖാദർ,
*അദ്ധ്യക്ഷൻ,*
*പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി*

തിരുവനന്തപുരം,
2021 ജനുവരി, 13.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.